## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4792 — 05.02.2014 ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ കർഷകർക്ക് വിള ഇൻഷ്വറൻസ് തുക നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ കർഷകർ 2012-13 വർഷത്തെ രണ്ടാം വിളയ്ക്കായി വിവിധ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുത്തതിന്റെ 'വിള ഇൻഷ്വറൻസ്' നാളിതുവരെ ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 2012-13 രണ്ടാം വിള നെൽ കൃഷിക്ക് 3,67,36,155/- രൂപയുടെ നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ലഭിക്കുകയും പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം 3,67,36,155/- രൂപ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന അനുവദിച്ചിട്ടുണ്ട്. |
| (ബി) വിളനാശം സംഭവിച്ച കർഷകർക്ക് യഥാസമയം ലഭിക്കേണ്ട വിള ഇൻഷ്വറൻസ് വൈകാനുണ്ടായ സാഹചര്യം സർക്കാർ വിശദമാക്കുമോ; | (ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രീമിയം വിഹിതം ലഭ്യമായതിനുശേഷം മാത്രമേ വിളനാശം സംഭവിച്ച കർഷകർക്ക് ബാങ്കുകൾ മുഖേന അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം ലഭ്യമാക്കുകയുള്ളൂ. കർഷകർ അടക്കുന്ന പ്രീമിയം കണക്കാക്കി മാത്രമേ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രീമിയം വിഹിതം അടയ്ക്കാൻ കഴിയുകയുള്ളൂ. ആയതിനനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്ന കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. |
| (സി) കാർഷിക ഇൻഷ്വറൻസിനായി എത്ര ശതമാനം പ്രീമിയമാണ് സർക്കാർ അടക്കേണ്ടത് എന്ന് വിശദമാക്കുമോ; | (സി) ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 10% തുല്യമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നുണ്ട്. |
| (ഡി) പ്രസ്തുത പ്രീമിയം തുക യഥാസമയം അടക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തെ പ്രീമിയമാണ് അടക്കാനുള്ളത്; ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് വിശദമാക്കുമോ;<br><br>(ഇ) കർഷകർക്കുള്ള വിള ഇൻഷ്വറൻസ് തുക അടിയന്തരമായി നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ? | (ഡി) & (ഇ) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ പ്രീമിയം വിഹിതത്തിനു 2013-14 ലെ ബഡ്ജറ്റിൽ 1 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ തുക പ്രീമിയം വിഹിതമായി അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിക്ക് അടച്ചിട്ടുണ്ട്. ബാക്കിയുള്ള 84,99,433/- രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ 2012-13 ലെ പ്രീമിയത്തിന്റെ 5% തുക കമ്പനിക്ക് നൽകുന്നതിന് ക്ലെയിം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ